(സി) മൊത്തം 84 പേർക്ക് ലോൺ നൽകി.

(ഡി) ബാക്കിയുള്ളവർക്കു ലോൺ കൊടുക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു.

(ഇ) 84 വീടുകളുടെ പണി നടന്നുവരുകയാണ്.

നെയ്യാറ്റിൻകര — 58

തൃശ്ശൂർ — 26

(എഫ്) ഒരു പബ്ലിക്ക് റിലേഷൻ ആഫീസറെ നിയമിച്ചിട്ടുണ്ട്. 1-1-1986 മുതൽ ഒരു വർഷത്തേക്കാണ് നിയമനം.

(ജി) ശ്രീ. ജി. തങ്കപ്പൻ നായരെയാണ് നിയമിച്ചത്.

(എച്ച്) അതേ.

(ഐ) ഈ പദ്ധതിയെക്കുറിച്ച് പ്രചരണം നടത്തി കൂടുതൽ ആളുകളെ ആകർഷിക്കുവാൻ നടപടി എടുത്തുവരുന്നു. കൂടാതെ ലോൺ തുക 28,900 രൂപയിൽ നിന്നും 60,000 രൂപയായി ഉയർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ജെ) 1981-ൽ സ്ഥാപിതമായ സൊസൈറ്റിക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ആവശ്യമായ പണം സ്വരൂപിക്കാൻ സാധിക്കാതെ വന്നു എന്നാൽ ഹഡ്കോയുമായി നടത്തിയ ചർച്ചകളുടെ ഫലമായി ഈ സൊസൈറ്റി ഒരു കോർപ്പറേഷനാക്കി മാറ്റിയാൽ ധനസഹായം നൽകാമെന്ന് ഹഡ്കോ നിർദ്ദേശിക്കുകയുണ്ടായി. ഈ കാരണങ്ങളാലാണ് സൊസൈറ്റി കോർപ്പറേഷനാക്കി മാറ്റുവാൻ ഇടയായത്.

ബാലവാടി അദ്ധ്യാപികമാരുടെ ശമ്പള കുടിശ്ശിക

556. [760] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗൻവാടി വർക്കർമാരായി നിയമിച്ച മുൻ ബാലവാടി അദ്ധ്യാപികമാർക്ക് ശമ്പള കുടിശ്ശിക കിട്ടിയിട്ടില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം കുടിശ്ശിക വരാൻ കാരണമെന്താണെന്ന് പറയാമോ ;

(സി) രണ്ടു മാസത്തെ പരിശീലനം ഉണ്ടായിരിക്കണം എന്ന നിബന്ധനയും എട്ടാം ക്ലാസ് പാസായിരിക്കണമെന്ന നിബന്ധനയും പത്തും പന്ത്രണ്ടും വർഷം സേവനം ചെയ്തവരുടെ കാര്യത്തിൽ ഇളവു വരുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അംഗൻവാടി വർക്കർമാരായി നിയമിക്കപ്പെട്ട ബാലവാടി അദ്ധ്യാപികമാരുടെ ലിസ്റ്റ് ജില്ലാകളക്ടർ ചെയർമാനായുള്ള സെലക്ഷൻ കമ്മിറ്റി അംഗീകരിക്കുന്നതിന് അൽപ്പം കാലതാമസം വന്നതാണ് കുടിശ്ശിക വരാൻ കാരണം. എന്നാൽ കുടിശ്ശിക പിന്നീട് കൊടുത്തു തീർത്തിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly